(ഡി) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂരിൽ എക്സൈസ് അക്കാഡമിയുടെ കെട്ടിടങ്ങളുടെയും അനുബന്ധ സജ്ജീകരണങ്ങളുടെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ സ്ഥാപിക്കുകയുണ്ടായി. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽവരെയുള്ളവർക്ക് മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ആഫീസുകളും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുകയും കാസർഗോഡ്, വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വയർലെസ് സെറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് വ്യക്തി വികാസ പരിശീലനങ്ങളും കമ്പ്യൂട്ടർ ട്രെയിനിങ്ങുകളും നൽകി വരുന്നു.

ചാരായ നിരോധനം പിൻവലിക്കുന്ന നടപടിയും വ്യാജവാറ്റും മദ്യദുരന്തങ്ങളും

109 [1912] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാരായ നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് ഖജനാവിന് ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനുശേഷം സംസ്ഥാനത്ത് എത്ര മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ചാരായനിരോധനം ഏർപ്പെടുത്തിയശേഷം സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ എന്ത് വ്യത്യാസമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ചാരായ നിരോധനം ഫലപ്രദമല്ല എന്നത് പരിഗണിച്ച് ഈ നിരോധനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാരായ നിരോധനത്തിന്ശേഷം തുടർന്നുള്ള വർഷങ്ങളിൽ ചാരായത്തിൽനിന്നുള്ള വരുമാനം ഇല്ലാതായിട്ടുണ്ടെങ്കിലും കള്ള്, വിദേശമദ്യം എന്നിവയിൽനിന്നുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ചാരായ നിരോധനം മൂലം പ്രതിവർഷം എത്ര തുകയുടെ നഷ്ടം ഖജനാവിന് ഉണ്ടായിട്ടുണ്ടെന്ന് പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 13 മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ദുരന്തങ്ങളിൽ 54 പേർ മരിച്ചിട്ടുണ്ട്.

(സി) മദ്യം ഉപയോഗിക്കുന്നവരുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly